# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### കോഴിക്കോട് അർബൻ മാസ്റ്റർ പ്ലാൻ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1815.        08.06.18- ൽ മറുപടി നൽകേണ്ടത്

| ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കോഴിക്കോട് അർബൻ മാസ്റ്റർ പ്ലാനിൽ ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ കോഴിക്കോടൻകുന്ന് പ്രദേശം ഇൻഡസ്ട്രിയൽ പ്രൊമോഷൻ സോണായി വിഭാവനം ചെയ്തതുകാരണം വാസഗൃഹനിർമ്മാണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ജനങ്ങൾക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ കണക്കിലെടുത്ത് മാസ്റ്റർ പ്ലാനിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ)<br>(ബി)<br>&<br>(സി) | ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ കോഴിക്കോടൻകുന്ന് പ്രദേശം മാസ്റ്റർപ്ലാനിന്റെ ഭാഗമായി വ്യവസായ മേഖലയായി പ്രഖ്യാപിച്ചതിനെ തുടർന്ന് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് വല്ലതും ഉണ്ടായിട്ടുണ്ടോയെന്ന് വിശദമായി പരിശോധിച്ച്, കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് 2016 സെക്ഷൻ 50(3) പ്രകാരം ഗസറ്റ് വിജ്ഞാപനം വഴി ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി പ്ലാനിൽ വ്യതിയാനം വരുത്തുന്നതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ മുഖ്യനഗരാസൂത്രകനോട് ആവശ്യപ്പെട്ടിട്ടുണ്ട്.. |
| (ബി) | ഇക്കാര്യം പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള പ്രക്ഷോഭസമരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | ഈ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ